മാണിക്ക് കോഴ നൽകിയോ എന്ന് പറയാനാകില്ലെന്ന് രാജ്കുമാർ ഉണ്ണി

തിരു: കെ എം മാണിക്ക് കോഴ നൽകിയോ എന്ന് ഇപ്പോൾ പുറത്തുപറയാനാകില്ലെന്ന് ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് രാജ്കുമാർ ഉണ്ണി. വിജിലൻസ് എസ്പിക്ക് മൊഴി നൽകിയശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സത്യസന്ധമായ മൊഴിയാണ് വിജിലൻസിന് നൽകിയത്. തനിക്കുമേൽ ആരുടെയും സമ്മർദമില്ല. പുറത്തുവന്ന ശബ്ദരേഖയിൽ മന്ത്രിമാരുടെ പേര് താൻ പറഞ്ഞിട്ടില്ല. 1991 മുതലുള്ള ബാർ അസോസിയേഷന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിജിലൻസിനോട് പറഞ്ഞെന്നും അദ്ദേഹം പറഞ്ഞു. മൊഴിയെടുക്കൽ 11 മണിക്കൂർ നീണ്ടു.

കൊക്കെയ്ൻ കേസ് അന്വേഷണം അവസാനിപ്പിക്കുന്നു

കൊച്ചി: ഫ്ളാറ്റിൽനിന്ന് കൊക്കെയ്നുമായി അഞ്ചുപേരെ പിടികൂടിയ കേസിന്റെ അന്വേഷണം അവസാനിപ്പിക്കുന്നു. പിടിച്ചെടുത്ത കൊക്കെയ്ന്റെ ഉറവിടം കണ്ടെത്താനെന്ന പേരിൽ ഒന്നും രണ്ടും പ്രതികളായ രേഷ്മ രംഗസ്വാമി, ബ്ലെസി സിൽവസ്റ്റർ എന്നിവരുമായി കൊച്ചി സിറ്റി പൊലീസ് ഗോവയിൽ തെരച്ചിൽ നടത്തിയെങ്കിലും ഒന്നും കണ്ടെത്താനായില്ല. ഫ്രാങ്കോ എന്നയാളിൽനിന്ന് കൊക്കെയ്ൻ വാങ്ങിയെന്നാണ് രേഷ്മയും ബ്ലെസിയും മൊഴി നൽകിയത്. ഇയാളെ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് പൊലീസ് പറഞ്ഞു. പിടികൂടിയ അഞ്ചുപേർക്കെതിരെയും കുറ്റപത്രം നൽകി കേസ് അവസാനിപ്പിക്കാനാണ് പൊലീസ് നീക്കം.

കേസിൽ അറസ്റ്റിലായ അഞ്ചുപേരെയും ചൊവ്വാഴ്ച കോടതിയിൽ ഹാജരാക്കും. കസ്റ്റഡി കാലാവധി കഴിയുന്ന സാഹചര്യത്തിലാണ് കോടതിയിൽ ഹാജരാക്കുന്നത്. ഇവരെ വീണ്ടും കസ്റ്റഡിയിൽ ആവശ്യപ്പെടേണ്ടതില്ലെന്നും പൊലീസ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, കസ്റ്റഡിയിൽ വിട്ടുകിട്ടിയ ആദ്യദിനം നടത്തിയ ചോദ്യംചെയ്യലിൽ ലഹരിമാഫിയയുമായി ബന്ധമുള്ള ചല ച്ചിത്രപ്രവർത്തകരുൾപ്പെടെയുള്ളവരുടെ പേരുകൾ രേഷ്മയും ബ്ലെസിയും വെളിപ്പെടുത്തിയിരുന്നു. ഇതേത്തുടർന്ന് അന്വേഷണം അവസാനിപ്പിക്കാൻ പൊലീസിന് ഉന്നതങ്ങളിൽനിന്ന് നിർദേശംനൽകി. അന്വേഷണം നടത്തിയെന്നു വരുത്തിത്തീർക്കുന്നതിന്റെ ഭാഗമായാണ് ഇരുവരെയുംകൊണ്ട് പൊലീസ്സംഘം ഗോവയിലേക്കു പോയത്.

അമൃത്സറിൽ യുവതിയെ കൂട്ടബലാത്സംഗത്തിനുശേഷം കൊലപ്പെടുത്തി

അമൃത്സർ: ഇരുപത്താറുകാരിയെ കൂട്ടബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തി. ഞായറാഴ്ചയാണ് സംഭവം. അമൃത്സർ നഗരത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന കെട്ടിടത്തിൽ മൃതദേഹം ഉപേക്ഷിച്ചനിലയിലായിരുന്നു.

ജാപ്പനീസ് യുവതി ജയ്പുരിൽ ബലാത്സംഗത്തിനിരയായി

ജയ്പുർ: വിനോദസഞ്ചാരത്തിന് ജയ്പുരിലെത്തിയ ജാപ്പനീസ് യുവതി ബലാത്സംഗത്തിനിരയായി. നഗരത്തോട് ചേർന്ന ദുഡുവിൽ വച്ച് ഇന്ത്യൻ യുവാവാണ് തന്നെ ബലാത്സംഗംചെയ്തതെന്ന് ജപ്പാൻ സ്വദേശിയായ 20 വയസ്സുകാരി പൊലീസിന് മൊഴിനൽകി. ഞായറാഴ്ച രാത്രിയായിരുന്നു സംഭവം. ജൽ മഹൽ സന്ദർശനത്തിനെത്തിയ യുവതിയെ കാഴ്ചകൾ കാണിക്കാമെന്ന് പറഞ്ഞാണ് യുവാവ് ഒഴിഞ്ഞ പ്രദേശത്തേക്ക് കൊണ്ടുപോയതെന്ന് പൊലീസ് പറഞ്ഞു.

മൃഗശാലയിൽ ചരിഞ്ഞ മഹേശ്വരി എന്ന ആനയെ സംസ്കരിക്കുന്നതിനുമുമ്പായി ഔദ്യോഗിക ബഹുമതി നൽകിയപ്പോൾ

ആനമുത്തശ്ശി മഹേശ്വരിക്ക് ഔദ്യോഗിക ബഹുമതികളോടെ അന്ത്യാഞ്ജലി

തിരു: മൃഗശാലയിലെ ആനമുത്തശ്ശി മഹേശ്വരി ചരിഞ്ഞു. ഒരു മാസമായി അവശനിലായിരുന്ന മഹേശ്വരി തിങ്കളാഴ്ച രാവിലെ 9.45നാണ് ചരിഞ്ഞത്. മൃഗശാല രേഖകൾപ്രകാരം മഹേശ്വരിയുടെ പ്രായം എൺപത്തേഴാണ്.

1946 മേയിലാണ് നിലമ്പൂർ കാട്ടിൽനിന്ന് മഹേശ്വരി തിരുവനന്തപുരം മൃഗശാലയിലെത്തുന്നത്. അഞ്ചുവ്യാഴവട്ടത്തിലേറെ സന്ദർശകരെ ആകർഷിച്ചിരുന്ന മഹേശ്വരി പ്രായാധിക്യത്താലുള്ള അവശതയാൽ മാസങ്ങളായി മൃഗശാല അധികൃതരുടെ പരിചരണത്തിലായിരുന്നു.

നടക്കാനും ഭക്ഷണം കഴിക്കാനും മഹേശ്വരി വളരെ ബുദ്ധിമുട്ടിയിരുന്നു. എഴുന്നേറ്റുനിൽക്കാനുള്ള കഴിവ് പൂർണമായും നഷ്ടമായതോടെ ശനിയാഴ്ച കിടപ്പിലായി. മൃഗശാല ഡോക്ടർ ജേക്കബ് അലക്സാണ്ടറും ജീവനക്കാരും മഹേശ്വരിക്ക് പ്രത്യേക പരിചരണം നൽകി.

ആനചികിത്സാ വിദഗ്ധരെ വരുത്താൻ അധികൃതർ തീരുമാനിച്ചിരിക്കെയാണ് മഹേശ്വരി ചരിഞ്ഞത്. ഏറെക്കാലം മൃഗശാലയിൽ നിറഞ്ഞുനിന്ന മഹേശ്വരിക്ക് അധികൃതർ ഉചിതമായ അന്ത്യയാത്ര നൽകി. മൃഗശാലയുടെ ഔദ്യോഗിക ബഹുമതികളോടെ മൃഗശാലവളപ്പിൽ കഴിഞ്ഞിരുന്ന ആനക്കൂട്ടിൽതന്നെ മഹേശ്വരിയെ അടക്കംചെയ്തു.

ടി പത്മനാഭന് കൊൽക്കത്തയിൽ സ്വീകരണം

ഗോപി

കൊൽക്കത്ത: ഭാരതീയ ഭാഷാ പരിഷത്തിന്റെ അവാർഡ് ഏറ്റുവാങ്ങാൻ കൊൽക്കത്തയിലെത്തിയ കഥാകൃത്ത് ടി പത്മനാഭന് മലയാളി സമാജം സ്വീകരണം നൽകി. ബംഗാളും കേരളവും സാംസ്കാരികമായി അടുത്ത ബന്ധമാണുള്ളതെന്ന് പദ്മനാഭൻ പറഞ്ഞു. ബംഗാളിസാഹിത്യം മലയാളത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കേരളത്തിലെ പുതുതലമുറ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുകയാണ്. സമൂഹത്തിന് മാർഗനിർദേശം നൽകേണ്ട സാഹിത്യകാരന്മാരും കലാകാരന്മാരും മദ്യാസക്തിക്ക് അടിപ്പെടുകയാണ്. അഴിമതി എല്ലാ രംഗത്തും നടമാടുന്നു. മൂല്യങ്ങൾക്ക് വിലയില്ലാതായി-അദ്ദേഹം പറഞ്ഞു. സമാജം പ്രസിഡന്റ് ഡോ. കെ കെ കൊച്ചുകോശി അധ്യക്ഷനായി.

● സർക്കാരും ആസൂത്രണബോർഡും രണ്ടുതട്ടിൽ

ലൈറ്റ് മെട്രോ അനിശ്ചിതത്വത്തിൽ

സ്വന്തം ലേഖകൻ

കോഴിക്കോട്: ലൈറ്റ് മെട്രോ പദ്ധതിയുടെ കാര്യത്തിൽ സർക്കാരും ആസൂത്രണ ബോർഡും രണ്ടുതട്ടിൽ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി മെട്രോ മാതൃകയിൽ ലൈറ്റ് മെട്രോ വേണമെന്ന സംസ്ഥാന നിലപാടിനെതിരെ ആസൂത്രണ ബോർഡ് രംഗത്തുവന്നു. പദ്ധതി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പിപിപി) മതിയെന്ന് ആസൂത്രണ ബോർഡ് സർക്കാരിനെ അറിയിച്ചു. ഡിഎംആർസിയെ നിർമാണച്ചുമതലയിൽനിന്ന് ഒഴിവാക്കി സ്വകാര്യ ഏജൻസികളെ കൊണ്ടുവരാനുള്ള നീക്കമാണ് ഇതിനു പിന്നിൽ. സർക്കാരിന്റെ മൗനാനുവാദത്തോടെയാണ് ആസൂത്രണ ബോർഡിന്റെ നീക്കം. ഇതോടെ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ പ്രഖ്യാപിച്ച ലൈറ്റ് മെട്രോ പദ്ധതി അനിശ്ചിതത്വത്തിലായി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പൊതുപങ്കാളിത്തത്തോടെ മാത്രമേ ലൈറ്റ് മെട്രോ ആരംഭിക്കാവൂ എന്ന് കേന്ദ്രമന്ത്രി വെങ്കയ്യനായിഡുവിന് മുഖ്യമന്ത്രി കത്തയച്ചതിന് തൊട്ടുപിറകെയാണ് ആസൂത്രണ ബോർഡ് തീരുമാനം. ലൈറ്റ് മെട്രോ പദ്ധതി ആസൂത്രണ ബോർഡിനു മുമ്പാകെ വന്നിട്ട് മൂന്നു മാസമായി. തീരുമാനമെടുക്കാൻ ആസൂത്രണ ബോർഡ് വൈകിയത് ഡിഎംആർസിയെ തഴയാനുള്ള സമ്മർദം ശക്തമായതിനെത്തുടർന്നാണ്. പദ്ധതി ഉപേക്ഷിക്കാനാണ് പിപിപി എന്ന ആശയവുമായി ആസൂത്രണ ബോർഡ് രംഗത്തിറങ്ങിയതെന്നാണ് വിവരം.

കേന്ദ്രവും സംസ്ഥാനവും 20 ശതമാനം വീതം വിഹിതമിറക്കി ബാക്കി ബാങ്ക് വായ്പ എടുത്ത് പദ്ധതി പ്രാവർത്തികമാക്കുമെന്നായിരുന്നു സർക്കാർ നിലപാട്. എന്നാൽ പിപിപി സംവിധാനം പരിഗണിക്കണമെന്ന് കേന്ദ്രം സംസ്ഥാന സർക്കാരിനെ അറിയിച്ചു. ഇതിനുള്ള വിയോജിപ്പായിട്ടാണ് ഒരാഴ്ച മുമ്പ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വെങ്കയ്യനായിഡുവിന് കത്തയച്ചത്. ഇതിന്റെ മഷിയുണങ്ങും മുമ്പാണ് ആസൂത്രണ ബോർഡ് പിപിപി ആശയത്തെ പിന്തുണച്ചത്.

ലൈറ്റ് മെട്രോയുടെ കാര്യത്തിൽ സർക്കാർ ജനങ്ങളെ കുരങ്ങുകളിപ്പിക്കുകയാണെന്നാണ് ആക്ഷേപമുയർന്നു കഴിഞ്ഞു. തെരഞ്ഞെടുപ്പ് കഴിയുംവരെ ലൈറ്റ് മെട്രോയെന്നു പറഞ്ഞ് ജനങ്ങളെ പറ്റിക്കാനാണ് നീക്കം. കോഴിക്കോട്ടെ ജനപ്രതിനിധികളുമായോ കോർപറേഷനുമായോ ആലോചിക്കാതെയാണ് മോണോ റെയിലും പിന്നീട് ലൈറ്റ് മെട്രോയും സർക്കാർ പ്രഖ്യാപിച്ചത്. സാധ്യതാപഠനം പോലും നടത്താതെയാണ് സർക്കാർ പ്രഖ്യാപനം നടത്തിയത്. കമ്പനികൾ കരാറെടുക്കാൻ വന്നില്ലെന്നും വന്ന ഏക കമ്പനി വൻതുക കാണിച്ചുവെന്നും ന്യായംനിരത്തിയാണ് സർക്കാർ മോണോ റെയിൽ പദ്ധതി ഉപേക്ഷിച്ചത്. സമാനമായ അവസ്ഥയിലേക്കാണ് ലൈറ്റ് മെട്രോയും നീങ്ങുന്നത്.

ഘർ വാപസി സാംസ്കാരിക ഫാസിസം

പ്രത്യേക ലേഖകൻ

ആലപ്പുഴ: രാജ്യം പേക്കിനാവുകൾ നൽകുന്ന കാലത്തിലൂടെ കടന്നുപോകുമ്പോൾ നിസംഗതക്ക് വൻ വില നൽകേണ്ടിവരുമെന്ന ഓർമപ്പെടുത്തലായി 'സാംസ്കാരിക ഫാസിസം-പോരാട്ടത്തിന്റെ വഴികൾ' സെമിനാർ. സിപിഐ എം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കായംകുളത്ത് സംഘടിപ്പിച്ച സെമിനാർ ഫാസിസം കടന്നുവരുന്ന വഴികളെപ്പറ്റി അവതരിപ്പിക്കുന്ന വൈജ്ഞാനിക ചർച്ചയായി. കെഇഎൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സർഗാത്മകതക്കെതിരായ ദീർഘകാല യുദ്ധമാണ് ഫാസിസമെന്ന് കെഇഎൻ പറഞ്ഞു. ഒരു മതത്തിന് മാത്രമായി ഫാസിസത്തെ ചെറുക്കാനാകില്ല. അതിന് മതനിരപേക്ഷത എന്ന മൂല്യത്തിൽ ഊന്നണമെന്നും കെഇഎൻ പറഞ്ഞു.

ഹിറ്റ്ലറുടെ ആത്മകഥ ഏറ്റവും കൂടുതൽ വായിച്ചയാൾ നരേന്ദ്രമോഡി ആയിരിക്കുമെന്ന് സെമിനാറിൽ അധ്യക്ഷനായ ഡോ. കെ ടി ജലീൽ എംഎൽഎ പറഞ്ഞു. മോഡിയുടെ പ്രഭാഷണവും ശരീരഭാഷയും അതാണ് പറയുന്നത്. ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം നിരോധിക്കുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്യാത്ത രണ്ട് സംഘടനകളെ ഉള്ളു. ആഗാ ഖാൻ രൂപംകൊടുത്ത ഓൾ ഇന്ത്യ മുസ്ലിം ലീഗും ആർഎസ്എസുമാണത്.

സാംസ്കാരിക ഫാസിസത്തിന്റെ പ്രായോഗിക രൂപമാണ് ഘർ വാപസി. വീട്ടിലേക്ക് മടങ്ങിയവരല്ല, വീട്ടിൽ നിന്ന് ഇറങ്ങിയവരാണ് വിപ്ലവമുണ്ടാക്കിയത്. ശ്രീനാരായണ ഗുരുവും ഇഎംഎസുമെല്ലാം വീട്ടിൽ നിന്ന് സമൂഹത്തിലേക്കിറങ്ങി മാനവികതയിലേക്ക് നീങ്ങിയവരാണെന്ന് കെ ടി ജലീൽ പറഞ്ഞു.

കെ സുരേഷ്കുറുപ്പ് എംഎൽഎ, പ്രൊഫ. സുജ സൂസൻ ജോർജ്, പ്രൊഫ. വി എൻ മുരളി, ഡോ. റസലൂദ്ദീൻ, എം ആർ രാജശേഖരൻ എന്നിവർ സംസാരിച്ചു. കെ എച്ച് ബാബുജാൻ സ്വാഗതവും പി അരവിന്ദാക്ഷൻ നന്ദിയും പറഞ്ഞു.

കെഎസ്എഫ്ഇ ചെയർമാന് പുതിയ കാർ; നഷ്ടം 13 ലക്ഷം രൂപ

പി വി ജീജോ

കോഴിക്കോട്: ചെയർമാനുവേണ്ടി ഒരു വർഷത്തിനകം രണ്ടു വാഹനം വാങ്ങിയവകയിൽ കെഎസ്എഫ്ഇക്ക് നഷ്ടമായത് 13ലക്ഷംരൂപ. യാത്രാച്ചെലവിനത്തിലും മറ്റും അനധികൃതമായി വൻ തുക ധൂർത്തടിക്കുന്നതിനു പുറമെയാണ് വാഹനങ്ങൾക്കായുള്ള പാഴ്ച്ചെലവ്.

2013 ഫെബ്രുവരി 12നാണ് ചെയർമാൻ പി ടി ജോസിന് പുതിയ ടൊയോട്ട വാങ്ങിച്ചത്. 15.28 ലക്ഷം രൂപ ഇതിന് മുടക്കി. 1.38 ലക്ഷം രൂപ ആജീവനാന്ത നികുതിയും അടച്ചു. എന്നാൽ ഈ ടൊയോട്ട കഴിഞ്ഞ ആഗസ്തിൽ വിറ്റു. 2014 ആഗസ്ത് 26 നായിരുന്നു വിൽപന. ഒമ്പതുലക്ഷം രൂപക്ക്. നഷ്ടം 6.28 ലക്ഷം. അന്നുതന്നെ 16.11 ലക്ഷത്തിന് പുതിയ വണ്ടി വാങ്ങി. ടൊയോട്ടവിറ്റുകിട്ടിയ തുകക്ക് പുറമേ 7.11 ലക്ഷം കെഎസ്എഫ്ഇ അധികമായി കണ്ടെത്തി. അതായത് ഒരു വർഷം തികയുംമുമ്പ് എടുത്ത വണ്ടി വിറ്റ് പുതിയത് വാങ്ങിയതിലൂടെ മാത്രം നഷ്ടം 13.11 ലക്ഷം. എന്നാൽ വണ്ടി വിറ്റതായല്ല കൈമാറിയതായാണ് കെഎസ്എഫ്ഇ രേഖകളിൽ. അതേസമയം ആർടിഎ രേഖകളിൽ വിൽപന വ്യക്തമാണ്.

വാഹനവിൽപന കൂടാതെ ചെയർമാൻ പി ടി ജോസ് പതിനായിരക്കണക്കിന് രൂപ യാത്രാപ്പടിയിനത്തിലും വാങ്ങുന്നതായി പരാതിയുണ്ട്. ചെയർമാന് മാസം 1500 കിലോമീറ്ററിനാണ് യാത്രാബത്ത അനുവദിച്ചത്. എന്നാൽ നാലായിരം മുതൽ അയ്യായിരം കിലോമീറ്റർവരെ യാത്രചെയ്തിട്ടുണ്ട്. ഇവക്കൊന്നും മുൻകൂർ ഡയറക്ടർബോർഡ് അനുമതി നേടിയിട്ടുമില്ല. ചെയർമാനും ഡയറക്ടർമാർക്കും ടിഎ, മാസ ബത്ത, സിറ്റിങ്ഫീസ് ഇവയുണ്ട്. ഇതു കൂടാതെ വൻകിട റിസോർട്ടുകളിലും ഹോട്ടലുകളിലും താമസിച്ചതും വിവാദമായിട്ടുണ്ട്. കൊല്ലത്തും മറ്റും ഹോട്ടലിൽ താമസിച്ചതിനായി ദിവസവാടകയിനത്തിൽ 3500 രൂപയാണ് 2013 ജനുവരിയിൽ അടച്ചത്. അതിനിടെ കേരളാ കോൺഗ്രസ് മാണി വിഭാഗം നേതാവായ ചെയർമാൻ പി ടി ജോസ് രേഖകളിൽ പേര് മാറ്റി ഒപ്പിടുന്നതിനെതിരെ അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ജോസഫ് എന്നെഴുതിയാണ് ചെയർമാൻ ഒപ്പിടുന്നത്. ഇതിലെ അനൗചിത്യം എജി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

● നിലവിലെ രീതി അട്ടിമറിച്ചു

അനിശ്ചിതത്വത്തിനിടെ എസ്എസ്എൽസി മാതൃകാപരീക്ഷയ്ക്ക് ഇന്ന് തുടക്കം

എം സുരേന്ദ്രൻ

ആലപ്പുഴ: ചൊവ്വാഴ്ച തുടങ്ങുന്ന എസ്എസ്എൽസി മാതൃകാപരീക്ഷ കുഴപ്പത്തിലാക്കാൻ പൊതുവിദ്യാഭ്യാസവകുപ്പുതന്നെ ശ്രമിക്കുന്നുവെന്ന് ആക്ഷേപം. മുൻവർഷങ്ങളിൽ വാർഷികപരീക്ഷയുടെ രജിസ്റ്റർ നമ്പരിലാണ് കുട്ടികൾ മാതൃകാപരീക്ഷയും എഴുതിയിരുന്നത്. ഈ സംവിധാനം തുടരാൻ പാകത്തിൽ ഇതുവരെ കുട്ടികൾക്കു രജിസ്റ്റർനമ്പർ നൽകാൻ പൊതുവിദ്യാഭ്യാസവകുപ്പിനു കഴിഞ്ഞില്ല. ചൊവ്വാഴ്ച തുടങ്ങേണ്ട മാതൃകാപരീക്ഷ ഇതോടെ അലങ്കോലമാകും. മാർച്ച് ഒമ്പതിനാണ് പൊതുപരീക്ഷ തുടങ്ങുന്നത്.

പൊതുപരീക്ഷയുടെ ഗൗരവത്തിൽ കുട്ടികളെ തയ്യാറെടുപ്പിക്കുന്നതിനാണ് മാതൃകാപരീക്ഷ. കഴിഞ്ഞ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് 2007മുതൽ ഇതിനുള്ള തയ്യാറെടുപ്പു ശാസ്ത്രീയമായി നടപ്പാക്കി. ഡിസംബറിൽ തന്നെ കുട്ടികൾക്കു രജിസ്റ്റർനമ്പർ നൽകാനുള്ള നടപടികൾ എൽഡിഎഫ് സർക്കാർ സ്വീകരിച്ചു. ഐടി@സ്കൂൾ പദ്ധതിയുടെ സഹായത്തോടെ രജിസ്റ്റർ നമ്പർ ഡൗൺലോഡ് ചെയ്ത് 2007മുതൽ മാതൃകാപരീക്ഷയ്ക്കും ഉപയോഗിക്കുന്ന രീതി തുടങ്ങി. എട്ടുവർഷമായി തുടർന്നു വന്ന ഈ രീതിയാണ് പൊതുവിദ്യാഭ്യാസവകുപ്പ് ഇക്കുറി അട്ടിമറിച്ചത്.

പകരം പിന്തുടരേണ്ട രീതി സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ പൊതുവിദ്യാഭ്യാസവകുപ്പ് നൽകിയിട്ടില്ല. ക്ലാസ് രജിസ്റ്റർ നമ്പർ ക്രമത്തിൽ പരീക്ഷയ്ക്ക് ഇരുത്തണോ, മറ്റേതെങ്കിലും രീതി അവലംബിക്കണോ എന്ന കാര്യത്തിലും വ്യക്തമായ നിർദേശമില്ല.

പത്താംക്ലാസ് പൊതുപരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികളുടെ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിക്കുന്നു. സർട്ടിഫിക്കറ്റിൽ കുട്ടികളുടെ പേര് ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്താറുണ്ട്. ഇക്കുറി മലയാളത്തിൽ പേര് എഴുതുമ്പോൾ പല അക്ഷരങ്ങളും തെറ്റുന്നു. ഇതിനായി ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിന്റെ കുഴപ്പമാണിത്. പേരു തെറ്റിയാൽ അവിടം ചുവപ്പിൽ മാർക്ക് ചെയ്യാനാണ് നിർദേശം. ഫലത്തിൽ മലയാളത്തിലുള്ള പേര് തെറ്റായി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റാകും കുട്ടികൾക്ക് കിട്ടുക.

വാർഷികപരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ് കാലേക്കൂട്ടി എത്തിക്കുന്നതിലും പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പായി. ഡിസംബറിൽ പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ ഇനിയും ബാക്കി കിടക്കുന്നതിനാൽ എത്ര കുട്ടികൾ പരീക്ഷയെഴുതും എന്ന കണക്ക് ഇതുവരെ പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കിയിട്ടില്ല.

ശബരിമല മോഷണക്കേസ് ഒതുക്കുന്നു

പത്തനംതിട്ട: ശബരിമലയിൽ കാണിക്കയായി ലഭിച്ച ലക്ഷക്കണക്കിന് രൂപയും സ്വർണവും സന്നിധാനത്തെ ഭണ്ഡാരത്തിൽനിന്ന് മോഷ്ടിച്ച കേസിൽ അന്വേഷണം ഒതുക്കുന്നു. ഏഴ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ട് ആഴ്ചകളായിട്ടും ഇവർ ജോലിയിൽ തുടരുകയാണ്. അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാൻ ശുപാർശചെയ്ത് കൂടുതൽ വിവാദങ്ങളിൽനിന്ന് ഒഴിയാനാണ് ദേവസ്വം ബോർഡ് ശ്രമിക്കുന്നത്. സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ ചിലർ മുമ്പും പല ക്രമക്കേടുകൾ നടത്തിയവരും അന്വേഷണം നേരിട്ടവരുമാണ്. ഇവരെ രക്ഷപ്പെടുത്താനാണ് ഭരണതലത്തിൽ നീക്കം നടക്കുന്നത്.

മകരവിളക്കിന് ശേഷം ജനുവരി 15നാണ് ആറ് ദേവസ്വം ബോർഡ് ജീവനക്കാരെ ദേവസ്വം വിജിലൻസ് പിടികൂടിയത്. 10,62,065 രൂപയുടെ ഇന്ത്യൻ കറൻസിയും 3,20,999 രൂപയുടെ വിദേശ കറൻസിയും 2,82,663 രൂപയുടെ സ്വർണവും വെള്ളിയുമുൾപ്പെടെ 16,65,725 രൂപ ഇവരിൽനിന്ന് കണ്ടെത്തിയിരുന്നു.

സുകുമാരൻ നായർ രാഷ്ട്രീയാഭിപ്രായം പറയേണ്ടെന്ന് പ്രമേയം

കോട്ടയം: എൻഎസ്എസ് വേദികളിൽ അവതരിപ്പിച്ച് മുൻകൂട്ടി അംഗീകരിക്കാത്ത രാഷ്ട്രീയ അഭിപ്രായം എൻഎസ്എസിന്റേതായി ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പുറപ്പെടുവിക്കരുതെന്ന് കരയോഗത്തിന്റെ പ്രമേയം. കോട്ടയം ജില്ലയിലെ 153-ാം നമ്പർ കാണക്കാരി എൻഎസ്എസ് കരയോഗമാണ് പ്രമേയം പാസാക്കിയത്. സുകുമാരൻ നായർ അദ്ദേഹത്തിന്റെ പല രാഷ്ട്രീയ അഭിപ്രായങ്ങളും സമുദായത്തിന്റേതെന്ന വ്യാജേന പുറപ്പെടുവിക്കുകയാണ്. അപ്രകാരമുള്ള ഒരഭിപ്രായവും കരയോഗത്തിന് ബാധകമല്ലെന്നും അംഗീകരിക്കുന്നില്ലെന്നും പ്രമേയത്തിൽ പറയുന്നു.

ഒഡിഷയിൽ 6–ാംക്ലാസ് വിദ്യാർഥിനി സ്കൂൾ ഹോസ്റ്റലിൽ പ്രസവിച്ചു

ഭുവനേശ്വർ: ഒഡിഷയിലെ കൊരാപുട്ടിൽ ആറാംക്ലാസ് വിദ്യാർഥിനി സ്കൂൾ ഹോസ്റ്റലിൽ പ്രസവിച്ചു. സംഭവം മറച്ചുവയ്ക്കാൻ ശ്രമിച്ച കുറ്റത്തിന് ഹെഡ്മാസ്റ്ററെയും ഹോസ്റ്റൽ വാർഡനെയും അറസ്റ്റുചെയ്തു.

കൊരാപുട്ട് ജില്ലയിലെ ട്രൈബൽ സ്കൂളിൽ കഴിഞ്ഞ ബുധനാഴ്ചയാണ് സംഭവം. രണ്ടുവർഷമായി കുട്ടി ഹോസ്റ്റലിലാണ്. വേദന അനുഭവപ്പെടുന്നതായി ചൊവ്വാഴ്ച കുട്ടി വാർഡനോട് പറഞ്ഞിട്ടും അധികൃതർ ചെവിക്കൊണ്ടില്ല. പെൺകുട്ടിയെയും കുഞ്ഞിനെയും ആശുപത്രിയിൽ എത്തിക്കുന്നതിനുപകരം വാഹനത്തിൽ ഗ്രാമത്തിലേക്ക് തിരിച്ചയക്കുകയായിരുന്നു. വിവാദമായതിനെതുടർന്ന് ജില്ലാ ഭരണകൂടം അന്വേഷണത്തിന് ഉത്തരവിട്ടു. സ്കൂൾ അധികൃതർ കുറ്റകരമായ അനാസ്ഥ കാട്ടിയതായും വിഷയം മനഃപൂർവം മറച്ചുവയ്ക്കാൻ ശ്രമിച്ചതായും അന്വേഷണത്തിൽ കണ്ടെത്തി. തുടർന്നായിരുന്നു അറസ്റ്റ്. കഴിഞ്ഞ വേനലവധിക്ക് വീട്ടിൽ പോയപ്പോൾ അയൽവാസിയായ യുവാവ് തന്നെ ബലാത്സംഗം ചെയ്തിരുന്നുവെന്ന് പെൺകുട്ടി പൊലീസിൽ മൊഴി നൽകി. ഇയാൾക്കായി തെരച്ചിൽ തുടരുകയാണ്.

രണ്ടാം ചരമവാർഷികം
(10.02.2015)

എൻ തങ്കപ്പൻ

(റിട്ട. ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെഎസ്ആർടിസി, തിരുവനന്തപുരം)

കാർത്തികമന്ദിരം
മാലിഭാഗം, ചവറ സൗത്ത് പി.ഒ
കൊല്ലം – 691584

ദുഃഖസ്മരണകളോടെ

ഭാര്യ: ബി രമാഭായി
മക്കൾ, മരുമക്കൾ, ചെറുമക്കൾ

● കയർസമരം ഇന്ന് ഒമ്പതാംനാളിലേക്ക്

അതിജീവന സമരവേദിയിൽ ആവേശത്തോടെ കയർത്തൊഴിലാളികൾ

വൈക്കം: തൊഴിലും കൂലിയും ഉറപ്പുവരുത്താനായി കയർ തൊഴിലാളികൾ വൈക്കത്ത് ആരംഭിച്ച രാപ്പകൽ സത്യഗ്രഹം ഒൻപതാം നാളിലേക്ക്. തിങ്കളാഴ്ച ചെമ്മനാകരി കയർ വ്യവസായ സംഘത്തിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളാണ് സത്യഗ്രഹമിരുന്നത്. ലൈല, രാധ, വത്സല, സതി തിലകൻ, സതി പുഷ്ക്കരൻ, ഉഷ സാബു, ശിമോനി, ജമീല, ബേബി, തുളസി, മഹിള, ഓമന, നിർമ്മല, ആലീസ്, ഗ്രേസി, തങ്കമ്മ, ലേഖ, ഉഷ, അമ്പിളി, ശ്യാമള, ശോഭന, ശാന്ത പരമേശ്വരൻ, ഓമന, ശ്യാമള, സുലോചന, ശോഭന, ശ്രീമതി, പുഷ്പ, ഗിരിജ, ശോഭ, ശാന്തിനി, ലളിത എന്നീ തൊഴിലാളികളാണ് സത്യഗ്രഹം അനുഷ്ഠിച്ചത്.

സിഐടിയു ജില്ലാ ജോയിന്റ് സെക്രട്ടറി കെ സി ജോസഫാണ് സമരം നയിച്ചത്. സിപിഐ എം ജില്ലാ കമ്മിറ്റിയംഗങ്ങളായ അഡ്വ. പി കെ ഹരികുമാർ, ഇ എം കുഞ്ഞുമുഹമ്മദ് എന്നിവർ സമര വേദിയിലെത്തി. സമരസമിതി കൺവീനർ കെ കെ ഗണേശൻ സംസാരിച്ചു. കെ ശെൽവരാജ്, കെ എസ് വേണുഗോപാൽ, ഇ എൻ സാലിമോൻ, കെ സുഗുണൻ, കെ ബി രമ, ടി കെ രാജേന്ദ്രൻ, സി കെ ലക്ഷ്മണൻ,വിപിൻദാസ്, എസ് കുഞ്ഞുമോൻ, പി കെ പൊന്നൻ, പ്രമീള, നിഷ അനീഷ് എന്നിവർ നേതൃത്വം നൽകി. മുളന്തുരുത്തി സ്വദേശിയായ അർട്ടിസ്റ്റ് സത്ഗല വിജയൻമാസ്റ്ററും സംഘവും നാടൻപാട്ട് അവതരിപ്പിച്ചു.

ഷുഗർ ഉള്ളവർക്ക് എന്തും കഴിക്കാം

യാതൊരു പത്ഥ്യവും ദോഷഫലങ്ങളുമില്ലാത്ത ആയുർവ്വേദ മരുന്നുകൊണ്ട് ആരുടെയും ഷുഗർ നോർമലാക്കാം. നോർമലായാൽ പിന്നീട് മരുന്നില്ലാതെ ജീവിക്കാം. മരുന്ന് നേരിട്ടും കൊറിയർ വഴിയും ലഭിക്കും.

അയ്യപ്പാ ഫാർമസി
കൊട്ടാരത്തിനുസമീപം, പന്തളം-689501
ഫോൺ:9447049528

ഹൈദരാബാദ് കാണാം; വിശാഖപട്ടണത്ത് പോകാം

ഫെലിഷ്യയുടെ വിശാഖപട്ടണം ടൂർപാക്കേജ്

എസി വാഹനം, എസി താമസ സൗകര്യം, ഭക്ഷണം അടക്കം പാക്കേജ് ചാർജ് 7700/-
ട്രെയിൻ ചാർജ് സ്ലീപ്പർ 1735/-
ടിക്കറ്റ് ഓപ്പണിങ് - ഫെബ്രുവരി 14
പാക്കേജിന് 13നുമുമ്പ് ബന്ധപ്പെടുക.

Felicia Hospitality Services India Pvt. Ltd
TC 26/932, House No. 101, Chempaka Nagar, Panavila Junction, Thiruvananthapuram-1, Kerala
+91 471 4061707/08/09,4000050 Mob:+91 9495349249, 8547701399
www.feliciahost.com E-mail: info@feliciahost.com

RNI Regn No: 44790/90. Vol. XXVII No. 36 Reg. No.KL/TV(N)/33/2015-17. Printed and Published by E.P.Jayarajan on behalf of CPI (M) Kerala State Committee and printed at P.Krishna Pillai Memorial Printing.& Publishing Co.(P) Limited, Thampanoor, Thiruvananthapuram-695 001.
Chief Editor: V.V.Dakshinamoorthy (Responsible for selection of news under the PRB Act). Phone: 2330350, 2328014. Fax: 0471-2330872. www.deshabhimani.com E-mail: dbitvm@gmail.com